പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1923 — 04.05. 2017 ൽ മറുപടിക്ക്

## കെ. എസ്. ഇ. ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ നിയമനം

ചോദ്യം — ഉത്തരം

ശ്രീ.റ്റി.വി.രാജേഷ്

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ. എസ്. ഇ. ബി. യിൽ ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിലേക്കുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോൾ; ലിസ്റ്റിൽ നിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കി; ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും; | (എ) KSEB, KSFE, Malabar Cement തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്കുള്ള ജൂനിയർ അസിസ്റ്റന്റ് കാഷ്യർ/അസിസ്റ്റന്റ് ഗ്രേഡ് 11 തസ്തികയുടെ നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് പട്ടിക 22.09.2014 ന് നിലവിൽ വന്നു. ടി ലിസ്റ്റിൽ കെ.എസ്.ഇ.ബി-യിലേയ്ക്ക് 190 പേർക്ക് നിയമന ശിപാർശ നല്കി. കെ.എസ്.ഇ.ബി 2015 ജനുവരി മുതൽ NJD ഒഴികെ നല്കിയ പി.എസ്.സി വഴിയുള്ള നിയമന ഉത്തരവുകൾ വഴി 159 ഉം കൂടാതെ ഭിന്ന ശേഷിക്കാരായ (പി.എസ്.സി.വഴി) 5 പേർക്കും നിയമനം നൽകിയിട്ടുണ്ട്.<br>ടി ലിസ്റ്റിന്റെ കാലാവധി 21.09.2017 ന് അവസാനിക്കുന്നതാണ്. |
| (ബി) പുതുതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകളിൽ ഉൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) വൈദ്യുതി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട ഐ.ഐ.എം.കോഴിക്കോട് സമർപ്പിച്ച റിപ്പോർട്ട്, മീറ്റർ റീഡിംഗിൽ PDA നടപ്പാക്കിയത്, കമ്പ്യൂട്ടർ വൽക്കരണ നടപടികൾ തുടങ്ങിയ കാര്യങ്ങൾ ജീവനക്കാരുടെ ജോലിഭാരത്തിൽ വരുത്തിയ മാറ്റങ്ങൾ എന്നിവ പരിശോധിച്ച് മാത്രമേ കെ.എസ്.ഇ.ബി ലിമിറ്റഡിലെ കാഷ്യർ ഉൾപ്പെടെ വിവിധ തസ്തികകളിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ഈ നടപടികളുടെ അടിസ്ഥാനത്തിൽ ഒഴിവുകൾ തിട്ടപ്പെടുത്തി മാത്രമേ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ